**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1799** **05-07-2022 - ൽ മറുപടിയ്ക്ക്**

**ഗ്രാമവണ്ടി പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ഡി കെ മുരളി | | ശ്രീ ആന്റണി രാജു<br>(ഗതാഗത വകുപ്പ് മന്ത്രി) | |
| (എ) | തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടെ ആരംഭിക്കുന്ന ഗ്രാമവണ്ടി പദ്ധതി എവിടെയെല്ലാം ആരംഭിച്ചുവെന്ന് വ്യക്തമാക്കാമോ; | (എ) | **തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടെ കെ.എസ്.ആർ.ടി.സി ഗ്രാമീണ മേഖലയിൽ കൂടുതൽ സർവ്വീസുകൾ നടപ്പിലാക്കുന്നതിനായി സർക്കാർ ഗ്രാമവണ്ടി എന്ന നൂതന പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. ടി പദ്ധതി ആരംഭിക്കുന്നതിനായുള്ള നടപടികളുടെ ഭാഗമായി ഇത്തരത്തിൽ തിരുവനന്തപുരം ജില്ലയിൽ തിരുവനന്തപുരം കോർപ്പറേഷൻ, കൊല്ലയിൽ പഞ്ചായത്ത്, കൊല്ലം ജില്ലയിൽ കൊല്ലം കോർപ്പറേഷൻ തൃശ്ശൂർ ജില്ലയിലെ എളവള്ളി പഞ്ചായത്ത്, മലപ്പുറം ജില്ലയിലെ ഏറനാട് പഞ്ചായത്ത് കോട്ടയത്ത് കടുത്തുരിത്തി ബ്ലോക്ക് എന്നീ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട് ആദ്യ ഘട്ടം ആരംഭിക്കുന്നതിന് നടപടികൾ പൂർത്തിയായി വരുന്നു.** |
| (ബി) | ലാഭകരമല്ലാത്ത റൂട്ടുകളിൽ കെ.എസ്.ആർ.ടി.സി. സർവ്വീസ് നിർത്തലാക്കിയതുമൂലം പ്രസ്തുത റൂട്ടുകളിൽ ഗ്രാമവണ്ടി പദ്ധതി നടപ്പിലാക്കുന്നത് പ്രായോഗികമാണെന്ന് വിലയിരുത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദമാക്കാമോ; | (ബി) | ഗ്രാമീണ മേഖലയിലേയ്ക്കും ഒറ്റപ്പെട്ട പ്രദേശങ്ങളിലേയ്ക്കുമുള്ള സർവ്വീസുകൾ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ സഹായത്തോടെയും സഹകരണത്തോടെയും നടപ്പിലാക്കുന്നതിനും കൂടുതൽ യാത്രാ സൗകര്യം ലഭ്യമാക്കുന്നതിനും പദ്ധതി തയ്യാറാക്കിയിട്ടുണ്ട്. ടി പദ്ധതിയിലൂടെ ഡീസൽ ചെലവ് തുക മാത്രം തദ്ദേശ സ്ഥാപനങ്ങൾ ലഭ്യമാക്കികൊണ്ട് ബാക്കി ചെലവുകൾ കെ.എസ്.ആർ.ടി.സി. ഏറ്റെടുത്ത്, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ നിശ്ചയിക്കുന്ന റൂട്ടുകളിലൂടെയും സമയക്രമ അനുസരിച്ച് സർവ്വീസുകൾ നടത്തുവാൻ കഴിയുന്നതാണ്. നിലവിലെ കടുത്ത സാമ്പത്തിക ബുദ്ധിമുട്ടിൽ കെ.എസ്.ആർ.ടി.സി.യ്ക്ക് മാത്രമായി സാമൂഹിക പ്രതിബദ്ധത നിറവേറ്റുന്നതിന് കഴിയുകയില്ല. നാളിതുവരെ കെ.എസ്.ആർ. ടി.സി. |

| | | | |
|---|---|---|---|
| | | | മാത്രമായി ഏറ്റെടുത്ത സാമ്പത്തിക ഭാരം തദ്ദേശ സ്ഥാപനങ്ങളും ബന്ധപ്പെട്ട വകുപ്പുകളും കൂടി ചേർന്ന് വഹിക്കുന്നത് പൊതു ഗതാഗത സൗകര്യം കുറവുള്ള പ്രദേശങ്ങളിൽ താമസിക്കുവാൻ വിധിക്കപ്പെട്ട ജനവിഭാഗത്തിന് ആശ്വാസകരമാകുന്നതിന് ആരംഭിക്കു വാൻ ഉദ്ദേശിക്കുന്ന പദ്ധതി പാർശ്വവൽക്കരിക്കപ്പെട്ട ജനവിഭാഗത്തിന് ആശ്വാസവും അവരുടെ അവകാശങ്ങൾ സംരക്ഷിക്കുന്നതിന് ആവശ്യവുമാണ്. ആയതിനാൽ ഗ്രാമവണ്ടി പദ്ധതി പ്രായോഗികമാക്കേണ്ടത് അനിവാര്യമാണ്. ഡീസൽ തുക ലഭ്യമാക്കുന്നതിന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് സ്പോൺസർ ഷിപ്പ് മുഖേനയും തുക സമാഹരിക്കുവാൻ കഴിയുമെന്നതിനാൽ തുക കണ്ടെത്തുക അത്ര മാത്രം ദുഷ്കരമല്ല. |
| (സി) | കോവിഡ്മൂലം നിർത്തലാക്കിയ പല ബസ് സർവ്വീസുകളും ആദിവാസി മേഖലയിലേയും ഒറ്റപ്പെട്ട സ്കൂൾ മേഖലയിലേയും വിദ്യാർത്ഥികൾക്കും പൊതുജനങ്ങൾക്കും വലിയ ബുദ്ധിമുട്ടുകൾ ഉണ്ടാക്കുന്നുവെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇത് പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ? | (സി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല.<br><br>2019 ഡിസംബർ മാസം വരെ ഓപ്പറേറ്റ് ചെയ്തിരുന്ന പ്രവർത്തന ചെലവ് ലഭ്യമായിരുന്ന സർവ്വീസുകൾ വിദ്യാർത്ഥികൾ കൂടുതലായി ആശ്രയിക്കുന്ന സർവ്വീസുകളും ആദിവാസി മേഖല സർവ്വീസുകൾക്കും പ്രാധാന്യം നൽകി പുനരാരംഭിക്കുന്നതിന് നിർദ്ദേശം യൂണിറ്റുകൾക്ക് നൽകിയിട്ടുണ്ട്. എന്നാൽ പ്രവർത്തന ചെലവ് പോലും ലഭിക്കാത്ത മറ്റ് സർവ്വീസുകൾ പുനരാരംഭിക്കുന്നതിന് നിലവിലെ സാമ്പത്തിക സ്ഥിതിയിൽ കഴിയാത്തതിനാൽ അത്തരം സർവ്വീസുകൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുമായി ചേർന്ന് ഗ്രാമവണ്ടി പദ്ധതിയിൽ ഉൾപ്പെടുത്തി ഓപ്പറേറ്റ് ചെയ്യുന്നതിന് നടപടികൾ നടന്നു വരുന്നു. കൂടാതെ വിദ്യാർത്ഥികൾക്ക് യാത്രാ സൗകര്യം നൽകുന്നതിന് ആവശ്യമായ ചെലവുകൾ കെ.എസ്.ആർ.ടി.സി. മാത്രം വഹിക്കുന്നത് ഒഴിവാക്കി സ്ഥാപനങ്ങൾ കൂടി വഹിക്കുന്ന രീതിയിൽ ചെലവ് കുറഞ്ഞ സ്റ്റുഡന്റ്സ് ബോണ്ട് സർവ്വീസുകൾ ആവശ്യമുള്ള സ്ഥാപനങ്ങൾക്ക് നൽകുന്നതിന് കെ.എസ്.ആർ.ടി.സി. സന്നദ്ധത അറിയിച്ചി ട്ടുണ്ട്. ഇത്തരത്തിൽ കടുത്ത സാമ്പത്തിക ബുദ്ധിമുട്ട് നേരിടുന്ന കോർപ്പറേഷൻ സാമൂഹ്യപ്രതിബദ്ധതയുടെ പേരിൽ ചെലവിടുന്ന വലിയ തുകയുടെ ഒരു ഭാഗം ഷെയർ ചെയ്ത് കോർപ്പറേഷനും പൊതുജനങ്ങൾക്കും വിദ്യാർത്ഥികൾക്കും ആശ്വാസമേകുന്ന പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ